# തീ കത്തുന്നതോ കത്തിക്കുന്നതോ?

കേരളീയം ലക്കം 51ൽ സുകുമാർ ക്ലുർക്കഞ്ചേരി എഴുതിയ 'തീയിനോട്ട പറയുന്ന കത്തരുതെന്ന്' എന്ന കൃതി വായിച്ചു. ഇന്റർനെറ്റിലും ടി. വി ചാനലുകളിലും പെണ്ണിന്റെ നഗ്നതയും പ്രലോഭിപ്പിക്കുന്ന ചേഷ്ടകളും കണ്ടുകൊണ്ടിരിക്കാൻ അവസരമുണ്ടായാൽ എങ്ങനെ സ്ത്രീപീഡനങ്ങൾ പെരുകാതിരിക്കും എന്നാണ് ലേഖകൻ ന്യായീകരിക്കുന്നത്. ഭരണവർഗ്ഗം സ്ത്രീകളെ ചൂഷണം ചെയ്യുന്ന ശക്തികളെ തിരിച്ചറിഞ്ഞിട്ടും തിരിച്ചറിയാതെ ഇരിക്കുകയാണെന്ന കുറ്റപ്പെടുത്തലും നടത്തി. ഈ ഭരണകൂടം പുരുഷകേന്ദ്രീകൃതമായിട്ടുള്ള ഒന്നുതന്നെയാണെന്നുള്ളത് ലേഖകൻ മറന്നുവോ? കേരളത്തിന്റെ ചരിത്രം നോക്കിയാൽ, മാറുമറയ്ക്കൽ സമ്പ്രദായവും മറ്റും വരും മുമ്പേ സ്ത്രീകളുടെ നഗ്നത ആക്രമണത്തിനു വിഷയമായിരുന്നില്ല എന്നു കാണാം. അന്നത്തെ പുരുഷന്മാർക്ക് പൗരുഷമില്ലാഞ്ഞിട്ടായിരുന്നോ ഇത്? സ്ത്രീകൾ വഴിനടക്കമ്പോൾ, മുണ്ടുപൊക്കി സ്വയംഭോഗം ചെയ്തു കാണിക്കുന്ന പുരുഷന്മാർ ഇന്ന് ധാരാളമുണ്ട്. ഇത് കണ്ട് സ്ത്രീകൾ അവരെ കയറിപ്പിടിക്കുകയോ മറ്റോ ചെയ്യുന്നുണ്ടോ? ഇങ്ങനെയാലോചിച്ചാൽ, സ്ത്രീയുടെ നഗ്നത തനിക്കാസ്വദിക്കാനുള്ളതാണെന്നും അവളുടെ ശരീരം തനിക്കു കയറി പെരുമാറാനുള്ളതാണെന്നും ഒക്കെയുള്ള ഒരുതരം അധികാരസ്വഭാവ (ഭരണവർഗ്ഗത്തിന്റേതുപോലെത്തന്നെ)മുള്ള പുരുഷന്മാരുടെ ആധിക്യമാണ് സ്ത്രീപീഡനങ്ങൾ വർദ്ധിച്ചുവരുന്നതിനു കാരണം എന്നു മനസ്സിലാക്കാം.

മായ. എസ് എം. ജി. യൂണിവേഴ്സിറ്റി, കോട്ടയം-41